# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

---

*07.12.2023 (വ്യാഴാഴ്ച) 11 എ.എമ്മിന്*

**ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ്**

**(സെക്രട്ടറി,സ്പോർട്ട്സ് & യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) –ന്റെ**

**അധ്യക്ഷതയിൽ ചേർന്ന 18–ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ**

**നടപടിക്കുറിപ്പ്**

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA * (Govt. of Kerala) *
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള 07.12.2023 രാവിലെ 11 മണിക്ക് ചേർന്ന 18-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 18-ാമത് ഗവേർണിംഗ് ബോഡി യോഗം 2023 ഡിസംബർ 7 -ാം തീയതി രാവിലെ 11.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ് (സെക്രട്ടറി, സ്പോർട്ട്സ് & യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
4. ശ്രീമതി. ഗിരിജ സുരേന്ദ്രൻ(മെമ്പർ)
5. ശ്രീ. എ.എൻ.പ്രഭാകരൻ (മെമ്പർ)
6. ശ്രീമതി. മിലൻ എലിസബത്ത് ജോർജ്ജ് (അണ്ടർസെക്രട്ടറി,എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ്) സെക്രട്ടറി എൽ.എസ്.ജി.ഡി പ്രതിനിധി
7. ശ്രീമതി.എസ്.എൻ.ശിവന്യ(ജെ.ഡി.ഡബ്ല്യൂ.സി.ഡി.പൂജപ്പുര)വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ പ്രതിനിധി
8. ഡോ.വിനോദ്.എസ്(അസിസ്റ്റന്റ് പ്രൊഫസർ, കില സി.എച്ച്.ആർ.ഡി) കില ഡയറക്ടറുടെ പ്രതിനിധി.

**യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും**

1. **2023 ജൂലൈ 4-ാം തീയതി ചേർന്ന 17-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**
   **തീരുമാനം:**

   17-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

2. **17-ാമത് ഗവേർണിംഗ് ബോഡി തീരുമാനങ്ങളിമേൽ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട്**
   **തീരുമാനം:**

   17-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച പ്രവർത്തന പുരോഗതി റിപ്പോർട്ട് ഡയറക്ടർ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു.

3. **2022-23 വർഷത്തെ ധനവിനിയോഗം സംബന്ധിച്ച ചാർട്ടേർഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ ആഡിറ്റ് റിപ്പോർട്ടിന്റെ അംഗീകാരം**
   **തീരുമാനം:**

   2022-23 വർഷത്തെ ധനവിനിയോഗം സംബന്ധിച്ച ചാർട്ടേർഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ ആഡിറ്റ് റിപ്പോർട്ട് യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. ഇതിനകം തന്നെ നിലവിലുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് നാല് വർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ പകരം പുതുതായി ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിലവിലെ ചട്ടപ്രകാരം കണ്ടെത്തുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

8/12/23

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

4. **2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഭരണറിപ്പോർട്ട് അംഗീകരിക്കൽ**

**തീരുമാനം:**

2022-23 വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ കരട് ഭരണ റിപ്പോർട്ട് യോഗം ചർച്ച ചെയ്ത് അംഗീകരിക്കുകയും അടുത്ത ജനറൽ ബോഡി യോഗത്തിൽ അവതരിപ്പിക്കുന്നതിനും തീരുമാനിച്ചു.

5. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ നിലവിലുണ്ടായിരുന്ന സോഷ്യൽ ഡെവലപ്പ്മെന്റ് സെപ്ഷ്യലിസ്റ്റ്, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ എന്നീ ഒഴിവുകളിലേക്ക് നടത്തിയ നിയമനത്തിന് അംഗീകാരം നൽകൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ നിലവിലുണ്ടായിരുന്ന സോഷ്യൽ ഡെവലപ്പ്മെന്റ് സെപ്ഷ്യലിസ്റ്റ്, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ എന്നീ ഒഴിവുകളിലേക്ക് നടത്തിയ നിയമനത്തിന് അംഗീകാരം നൽകി.

6. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പേര് മാറ്റി പുനർ നാമകരണം ചെയ്യൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് മറ്റ് എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലേക്കും വ്യാപിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യവും പ്രവർത്തന മേഖലയും വിപുലീകരിച്ചു എന്ന് യോഗം വിലയിരുത്തുകയുണ്ടായി. ഇത് കണക്കിലെടുത്തുകൊണ്ട് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എം.ജി.എൻ.എസ്.എ.എസ്.കെ)എന്നത് കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (കെ.എസ്.എസ്.എ) എന്ന് പുനർ നാമകരണം ചെയ്യുന്നതിന് യോഗം തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. ഇതുസംബന്ധിച്ച് സൊസൈറ്റി ബൈലോ ഭേദഗതി വരുത്തുന്നതിന് അടുത്ത ജനറൽ ബോഡിയോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി അംഗീകാരം വാങ്ങുവാൻ യോഗം തീരുമാനിച്ചു.

7. **സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച പരാതികളിന്മേൽ തീർപ്പുകല്പിക്കുന്നതിനുള്ള സംസ്ഥാനതല അപ്പലേറ്റ് സംവിധാനത്തിന് രൂപം നൽകൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ പഞ്ചായത്ത് ജനപ്രതിനിധികൾ, പഞ്ചായത്തിലെ നിർവ്വഹണ ചുമതലയുള്ളവർ, റിസോഴ്സ് പേഴ്ൺസ് എന്നിവർ ഉന്നയിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് സമയബന്ധിതമായി പരിഹാരം കാണുന്നതിന് സംസ്ഥാന തലത്തിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പരാതി പരിഹാര സംവിധാനം രൂപീകരിക്കാൻ യോഗം തീരുമാനിച്ചു.

1. ഡോ. എൻ. രമാകാന്തൻ, ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (കൺവീനർ)
2. ശ്രീ.എസ്. രാജേന്ദ്രൻ, ഗവേർണിംഗ് ബോഡി മെമ്പർ (അംഗം)
3. ഡോ. റ്റി.ഷാജി, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (അംഗം)

8. **2023-24 സാമ്പത്തിക വർഷത്തെ ധനവിനിയോഗം സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:**

നടപ്പ് സാമ്പത്തിക വർഷത്തെ (2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 27 വരെ) ധനവിനിയോഗ റിപ്പോർട്ട് യോഗം വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.

8/12/23

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

**9. 2023-24 സാമ്പത്തിക വർഷത്തെ ഒന്നാംപാദ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഭൗതിക പുരോഗതി സംബന്ധിച്ച റിപ്പോർട്ടിന് അംഗീകാരം**

**തീരുമാനം:**

കഴിഞ്ഞ രണ്ട് വർഷക്കാലമായി തുടർച്ചയായി ഓരോ ആറ് മാസത്തിലൊരിക്കൽ സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുക എന്ന ലക്ഷ്യം കൈവരിച്ച് കേരളം രാജ്യത്തിനാകെ മാതൃകയായി. ഈ നോട്ടം കൈവരിക്കുവാൻ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി നടത്തിയ പ്രവർത്തനങ്ങളെ യോഗം അഭിനന്ദിച്ചു. രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി 100 ശതമാനം കൈവരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് യോഗം തീരുമാനിച്ചു.

**10. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പോരായ്മകളും സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പോരായ്മകളും യോഗം ചർച്ച ചെയ്തു. ഇത്തരം കണ്ടെത്തലുകൾ ചർച്ച ചെയ്ത് പോരായ്മകൾ പരിഹരിക്കുന്നതിനും മാതൃകാ പോജക്ടുകൾ/ഇന്നവേറ്റീവ് പോജക്ടുകൾ ഫലപ്രദമായി തയ്യാറാക്കി നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സിനെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ഏകദിന ശില്പശാല 2024 ജനുവരി മാസം മൂന്നാമത്തെ ആഴ്ചയിൽ (16,17,18 തീയതികളിൽ ഏതെങ്കിലും ഒരു ദിവസം)നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

**11. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർപരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർപരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതി ചർച്ച ചെയ്യുകയും ആവശ്യമായ പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു.

**12. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വാർഷിക ജനറൽ ബോഡി യോഗം ചേരുന്ന തിനുള്ള തീയതി നിശ്ചയിക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വാർഷിക ജനറൽ ബോഡി യോഗം 2024 ജനുവരി മാസം 4-ാം തീയതി വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.

**13. 2023-24 വർഷത്തെ രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് കലണ്ടർ അംഗീകരിക്കൽ**

**തീരുമാനം:**

ഓഡിറ്റ് ഓഫ് സ്കീം റൂൾസ് 2011 പ്രകാരം തയ്യാറാക്കിയ 2023-24 സാമ്പത്തിക വർഷത്തെ രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് കലണ്ടറിന് യോഗം അംഗീകാരം നൽകി. കലണ്ടർ പ്രകാരം സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

8/12/23

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
* (Govt. of Kerala) *

14. **മറ്റ് തീരുമാനങ്ങൾ**

(1) **ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അനുമതി**

**തീരുമാനം:**

വിവിധ ജില്ലകളിൽ നിലവിലുള്ള ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും ഒഴിവുകളിൽ ചട്ടപ്രകാരം നിയമനം നടത്തുന്നതിന് യോഗം അനുമതി നൽകി.

(2) **സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഇപ്പോൾ ഉപയോഗിച്ചുവരുന്ന സി.ഡബ്ല്യു.സി. ബിൽഡിംഗിന്റെ 3-ാം നിലയിലുള്ള കോൺഫറൻസ് ഹാൾ ഒഴിയുന്നതു സംബന്ധിച്ച്**

**തീരുമാനം:**

പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത മൂലം നിലവിൽ പരിശീലനം/റസിഡൻഷ്യൽ ട്രെയിനിംഗ് നൽകുന്നതിന് അനുയോജ്യമല്ലാത്ത സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ നാലാം നിലയിലുള്ള പരിശീലനഹാൾ (1000 സ്ക്വയർ ഫീറ്റ് സ്ഥലം) ഒഴിയുന്നതിന് യോഗം അനുമതി നൽകി. ടി ഹാളിലുള്ള ഫർണിച്ചറുകൾ സൗകര്യപ്രദമായും സുരക്ഷിതമായും സൂക്ഷിക്കുന്നതിനും തുടർന്ന് നിലവിലുള്ള ചട്ടപ്രകാരം ലേല നടപടികൾ പാലിച്ച് കൈമാറ്റം ചെയ്യുന്നതിനും യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

(3) **കാലാവധി പൂർത്തിയായ ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ കാലാവധി ദീർഘിപ്പിക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിലെ കാലാവധി പൂർത്തിയാക്കിയ ജില്ലാ റിസോഴ്സ് പേഴ്സൺമാരേയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരേയും 2023 നവംബർ 2-ാം തീയതി മുതൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യോഗം അംഗീകാരം നൽകി.

(4) **ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും പ്രവർത്തനം അവലോകനം ചെയ്യുന്നതിന് മാനദണ്ഡം നിശ്ചയിക്കലും അവലോകന സമിതി രൂപീകരിക്കലും**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ കഴിഞ്ഞ നാല് വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന 5 ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും 39 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും പ്രവർത്തനാവലോകനം നടത്തുന്നതിന് യോഗം തീരുമാനിച്ചു. ഇത്തരത്തിൽ ഓരോ വർഷവും ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനം അവലോകനം ചെയ്യണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുതുക്കി നൽകണമെന്നും യോഗം തീരുമാനിച്ചു. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തയ്യാറാക്കിയ വിലയിരുത്തൽ പെർഫോർമ യോഗം ചർച്ച ചെയ്ത് അംഗീകരിക്കുകയും റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുവാൻ യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

1. **ഡോ.ബി.എസ്.തിരുമേനി**
   ചെയർപേഴ്സൺ,എം.ജി.എൻ.ആർ.ഇ.ജി.എസ്.,
   ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി

2. **ഡോ.എൻ. രമാകാന്തൻ**
   ഡയറക്ടർ,
   സോഷ്യൽ ഓഡിറ്റ് യൂണിറ്റ്

8/12/23

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MGNREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

3. **ശ്രീ.എസ്.രാജേന്ദ്രൻ**
ഗവേർണിംഗ് ബോഡി അംഗം,
4. **ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ,കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
5. **ശ്രീ. സാജൻ**
ജോയിന്റ് ഡയറക്ടർ, കോസ്റ്റ് ഫോർഡ്

**(5) സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികളുടെ പുരോഗതിവിലയിരുത്തുന്നതിനായി സംസ്ഥാന-ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കൽ**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 28.11.2023-ന് നടന്ന ഓൺലൈൻ യോഗത്തിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് എം.ഐ.എസ്സിൽ അപ് ലോഡ് ചെയ്യുന്ന എ.റ്റി.ആർ സംബന്ധിച്ച വസ്തുനിഷ്ഠതയും കൃത്യതയും വിലയിരുത്തുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സോഷ്യൽ ഓഡിറ്റ് എ.റ്റി.ആർ റിവ്യൂ കമ്മിറ്റി രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടതായി ഡയറക്ടർ അറിയിച്ചു. പ്രസ്തുത വിഷയം യോഗം ചർച്ച ചെയ്യുകയും സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ കൈക്കൊള്ളുന്ന നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായും ക്രമപ്രകാരവും തീർപ്പാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിന് സംസ്ഥാനതലത്തിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ കൺവീനറായും സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ, എം.ഐ.എസ് എക്സ്പെർട്ട് എന്നിവർ അംഗങ്ങളായും ജില്ലാതലത്തിൽ അതത് ജില്ലാ റിസോഴ്സ് പേഴ്സൺ കൺവീനറായും അതത് ജില്ലയിലെ എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ അംഗങ്ങളായും എ.റ്റി.ആർ. റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് യോഗം തീരുമാനിച്ചു.

(6) സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് പ്രവർത്തനം കൂടുതൽ വിപുലീകൃതമാവുകയും ചെയ്ത സാഹചര്യത്തിൽ കൂടുതൽ വൈദഗ്ദ്ധ്യമുള്ള മനുഷ്യവിഭവശേഷി ആവശ്യമാണ്. 2016-ൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച നമ്പർ G.O.(Rt) No.3906/2015/LSGD dated: 30.12.2015 തീയതിയിലെ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഇന്നത്തെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ താഴെപ്പറയുന്ന തസ്തികൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.
1. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്.) എക്സ്പെർട്ട്
2. അക്കൗണ്ട്സ് ഓഫീസർ
3. ഡോക്കുമെന്റേഷൻ എക്സ്പെർട്ട്

യോഗം ഉച്ചയ്ക്ക് 12.30-ന് അവസാനിച്ചു.

8/12/23

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
സ്പോർട്ട്സ് & യുവജനകാര്യം സെക്രട്ടറി.